105 (1323) എം. പി. മഹേശ്വരിക്കുട്ടി അമ്മയുടെ ശമ്പള കുടിശ്ശിക

ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986 മുതൽ 1990 വരെയുള്ള യു.ജി.സി സ്കെയിലിലെ ശമ്പള കുടിശ്ശിക ലഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ശ്രീശങ്കര കോളേജിൽ അദ്ധ്യാപികയായ എം. പി. മഹേശ്വരിക്കുട്ടി അമ്മയിൽ നിന്ന് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഇവരേക്കാൾ ജൂനിയറായ അദ്ധ്യാപകന് യു.ജി.സി. സ്കെയിലിന്റെ കുടിശ്ശിക തുക നൽകിയിട്ടും ഇവർക്ക് ആയത് നൽകാതിരിക്കാനുള്ള കാരണം വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ ഒൻപതു വർഷമായി കുടിശ്ശിക തുക നൽകാതിരിക്കാൻ എന്തായിരിന്നു തടസ്സം എന്ന് വ്യക്തമാക്കുമോ; കുടിശ്ശിക തുക എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി)ശ്രീശങ്കര കോളേജിലെ ഇംഗ്ളീഷ് വകുപ്പിലെ അദ്ധ്യാപകരുടെ സീനിയോറിറ്റി തർക്കം നിലവിലുണ്ട്. ഇതു സംബന്ധിച്ച് ചില അദ്ധ്യാപകർ ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസുകൾ ഇതുവരെ തീർപ്പാകാതെ കിടക്കുന്നു. താല്ക്കാലികമായി പ്ലേസ്മെന്റ് നൽകിയെങ്കിലും നിലവിലുള്ള കേസുകളിൽ തീരുമാനമാകാതെ അന്തിമ തീരുമാനം എടുക്കാനും കുടിശ്ശിക നൽകാനും സാദ്ധ്യമല്ല. 4274/97 നമ്പർ കേസിൽ ഹൈക്കോടതിയുടെ വിധിന്യായം അനുസരിച്ചാണ് ജൂനിയറായ ഒരാൾക്ക് കുടിശ്ശിക നൽകിയിട്ടുള്ളത്. നിലവിലുള്ള കേസുകളിൽ ഹൈക്കോടതിയുടെ വിധി വരുന്ന മുറക്ക് കുടിശ്ശിക നൽകുന്നതാണ്.

106 (1324) മരിച്ചു പോയ അദ്ധ്യാപകന്റെ കുടുംബത്തിനു ലഭിക്കേണ്ട ആനുകൂല്യം

ശ്രീ. സി. കെ. നാണു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വടക്കുംതല എസ്.വി.എം.എച്ച്.എസ്. വിദ്യാലയത്തിലെ അദ്ധ്യാപകനായിരുന്ന വി.കെ.രവീന്ദ്രൻ മരിച്ചപ്പോൾ ആ അദ്ധ്യാപകന്റെ വിധവയ്ക്ക് കമ്മ്യൂട്ടേഷൻ പെൻഷൻ അനുവദിച്ച് ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ;

(ബി) എങ്കിൽ ഇതനുസരിച്ച് കൊല്ലം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവ് അക്കൗണ്ടന്റ് ജനറൽ നിരസിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തു കാരണത്താലാണ് നിരസിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഡി) തുക നൽകാൻ സർക്കാർ നിർദ്ദേശം അനുസരിച്ച് ഡെപ്യൂട്ടി ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കാൻ നിർദ്ദശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ധനകാര്യവകുപ്പ് 22860/പി.ഡബ്ല്യൂ.ഡി.എ1/97/ഫിൻ. 12.8.97 കത്തു പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

(ബി) ഉണ്ട്.

(സി) കേരളാ സർവ്വീസ് ചട്ടങ്ങളിലെ മൂന്നാം ഭാഗത്തിലെ അപ്പൻഡിക്സ് 10 റൂൾ 5 എ, നോട്ട് 2 പ്രകാരം ഈ കേസിൽ കമ്മ്യൂട്ടേഷൻ അനുവദനീയമല്ലെന്നാണ് അക്കൗണ്ടന്റ് ജനറൽ അറിയിച്ചിട്ടുള്ളത്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

107 (1325) വി.എൻ. രമണിയുടെ ശമ്പളം

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ പാലാ ഡി.ഇ.ഒ. യുടെ കീഴിൽ വരുന്ന ബ്രഹ്മമംഗലം ഹൈസ്കൂളിൽ സോഷ്യൽ സ്റ്റഡീസ് അദ്ധ്യാപികയായിരുന്ന ശ്രീമതി. പി. എൻ. രമണിക്ക് 7.6.93 മുതൽ 14.7.95 വരെ ജോലി ചെയ്ത ദിവസങ്ങളിലെ ശമ്പളം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റിന് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ശ്രീമതി. രമണിക്ക് കിട്ടാനുള്ള ശമ്പളം എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; ശമ്പളം നൽകാൻ കാലതാമസം ഉണ്ടാക്കിയ ഉദ്യോഗസ്ഥനെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുമോ;

(സി) സർക്കാർ ഉത്തരവ് നടപ്പിലാക്കാൻ തയ്യാറാകാത്ത സ്കൂൾ മാനേജ്മെന്റിനെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരാതി ലഭിച്ചിരുന്നു. ശ്രീമതി. രമണിയുടെ നിയമനം 7.6.93 മുതൽ പാലാ ഡി.ഇ.ഒ. അംഗീകരിച്ചെങ്കിലും 7.6.93 മുതൽ 14.7.93 വരെ മാത്രമേ ടി തസ്തികയിൽ ശമ്പളത്തിന് അർഹതയുള്ളൂ. അടുത്ത വർഷം സ്റ്റാഫ് ഫിക്സേഷനിൽ തസ്തിക നഷ്ടപ്പെട്ടതാണ് അതിനു കാരണം.

(ബി) 7.6.93 മുതൽ 14.7.93 വരെയുള്ള ശമ്പളം അദ്ധ്യാപിക കൈപ്പറ്റിയിട്ടില്ല.

(സി) ഇതുവരെയും നടപടികൾ എടുത്തിട്ടില്ല. നിയമാനുസൃതം നടപടി ആവശ്യമാവുകയാണെങ്കിൽ ഇക്കാര്യം പരിഗണിക്കുന്നതാണ്.

108 (1326) ജനറൽ പ്രോവിഡന്റ് ഫണ്ടിലേക്ക് ഒടുക്കിയ വിഹിതം

ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly